## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2864** **20/12/2012 ൽ മറുപടിക്ക്**

## രാഷ്ട്രീയ മാധ്യമ ശിക്ഷാ അഭിയാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ.ബാലൻ: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | രാഷ്ട്രീയ മാധ്യമ ശിക്ഷാ അഭിയാൻ(ആർ.എം.എസ്.എ) പ്രകാരം 2011-12 ലും 2012-13 ലും എത്ര രൂപയാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചത്; ഇതിൽ എത്ര രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്; | എ) | രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം 2011-12 ൽ 19.09 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്. 2012-13ൽ ഫണ്ടൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല. 17 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾ എത്രയെണ്ണമാണ്; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; ഈ വിദ്യാലയങ്ങളിൽ പ്രസ്തുത സ്കീം പ്രകാരമുള്ള അധ്യാപക നിയമനം നടത്തിയിട്ടുണ്ടോ; എത്ര അദ്ധ്യാപകരെയാണ് വേണ്ടിയിരുന്നത്; എത്ര പേരെയാണ് ഇതിനകം നിയമിച്ചത്; | ബി) | 95 സ്കൂളുകളാണ് ഈ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്തത്. ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. 2009-10 ൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളിൽ 59 സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആർ.എം.എസ്.എ പദ്ധതി പ്രകാരം 2010-11 വർഷത്തിലേക്ക് 9,10 ക്ലാസ്സുകളുള്ള സ്കൂളുകളിൽ നാല് വിഷയാദ്ധ്യാപകർ, രണ്ട് ഭാഷാ അധ്യാപകർ, ഒരു ഹെഡ്മാസ്റ്റർ എന്നിവരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. 2011-12 വർഷത്തിൽ പത്താം ക്ലാസ് ആരംഭിച്ച സ്കൂളുകളിൽ മൂന്ന് വിഷയാദ്ധ്യാപകർ, രണ്ട് ഭാഷാദ്ധ്യാപകർ ഒരു ഹെഡ്മാസ്റ്റർ എന്നിവരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. മേൽ പറഞ്ഞ തസ്തികകളിലെല്ലാം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം സ്കൂളുകളിൽ ഒരുക്കേണ്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സി) | കെ.ഇ.ആർ അനുശാസിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഈ സ്കൂളുകൾക്ക് ബാധകമാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ